(ബി) രണ്ടു സമ്പ്രദായവും സ്വീകരിച്ചു വരുന്നുണ്ട്.
(സി) രണ്ടു സമ്പ്രദായവും.

ടി. ബി-യും റസ്റ്റ്ഹൗസും

* ൭൪൯. (൨൫) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റോറിലുള്ള ടി. ബി., റസ്റ്റ്ഹൗസ് മുതലായതിന്റെ മാനേജ്മെന്റുകളും എതെങ്കിലും സ്വകാര്യ വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ വിട്ടുകൊടുക്കുന്നതിനു് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ആവശ്യമെന്തു്; ആർക്കാണു കൊടുക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ആലോചിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: അതിലേക്കായി ആരെങ്കിലും ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവൺമെന്റുവക ഗസ്റ്റ് ഹൗസുകളിൽ കേറാറിംഗിന്റെ ആവശ്യത്തിനുവേണ്ടി ഡിക്രൂസ് എന്നൊരാൾ അപേക്ഷിച്ചിട്ടുണ്ട്. അദ്ദേഹം വലിയതുറയിലുള്ള ആളാണ്. അതിനെപ്പറ്റി ഇതുവരെ ഒന്നും തീരുമാനിച്ചിട്ടില്ല.

BRIDGE AT MUDAKKUZHA THODU

***745.** (29) **Sri. M. Varki:** Will the Hon'ble Minister for Communications be pleased to state:—

(*a*) whether the P. W. Committee (Kunnathunad taluk) had advised the department for the general improvement of two miles of road and the construction of an wooden bridge at Mudakkuzha Thodu in the Keezhillum-Kurichilacodu road under departmental maintenance;

(*b*) whether the department has prepared any estimate for the above work; and

(*c*) whether the estimate has been sanctioned and if not why not?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Yes.

(*c*) An estimate has been sanctioned.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ റോഡ് ഇത്ര മോശമായി കിടക്കാൻ കാരണമെന്താണ്?

ശ്രീ. സി. കേശവൻ: ശരിയായി മെയിൻറനൻസ് നടത്താത്തതുകൊണ്ടായിരിക്കണം.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഡിപ്പാർട്ടുമെന്റിന്റെ അശ്രദ്ധകൊണ്ടാണോ ഇങ്ങനെ വന്നതു്?

ശ്രീ. സി. കേശവൻ: അശ്രദ്ധകൊണ്ടുമായിരിക്കാം, ചിലപ്പോൾ മെയിൻറനൻസ് ചെയ്യുന്നതിനുള്ള അവിടെ ട്രാഫിക്ക് ഇല്ലാത്തതുകൊണ്ടുമായിരിക്കാം.

Sri. P. Balakrishnan Tampi: This being a starred question and in view of the importance of the discussion, will the Government issue a press note about this?

Mr. Speaker: That is a suggestion for action.

LIBRARY ARCHIVES Kerala Legislative Assembly